ഉത്തരം

(എ) സംസ്ഥാന സ്കൂൾ കലോത്സവം, സംസ്കൃതോത്സവം, അറബിക് കലോത്സവം, സ്പെഷ്യൽ സ്കൂൾ കലോത്സവം സംസ്ഥാന ശാസ്ത്ര, ഗണിതശാസ്ത്ര പ്രവൃത്തി പരിചയമേളകൾ, ദക്ഷിണേന്ത്യൻ ശാസ്ത്രമേള, ദേശീയ ശാസ്ത്രമേള, ശാസ്ത്ര നാടക മത്സരം, രാഷ്ട്രപതി രാജ്യപുരസ്കാർ സർട്ടിഫിക്കറ്റുകൾ എൻ.സി.സി., കായിക രംഗം എന്നീ ഇനങ്ങളിൽ മികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. ഗ്രേസ് മാർക്ക് നൽകുന്നതു സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) & (സി) ഗ്രേസിംഗ് നിലവിൽ വന്നതോടെ, ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനുള്ള പരിധി എ ഗ്രേഡിന്റെ റേഞ്ചിൽ (80-89%) നിജപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഗ്രേസ് മാർക്കിന് അർഹതയില്ല. ഗ്രേഡിംഗ് രീതിയിൽ, ലഭിച്ച മാർക്കിന് പ്രസക്തിയില്ലാത്തതിനാൽ എ+ ഗ്രേഡ് (90-100%) ലഭിച്ചവർക്ക് ഗ്രേസ് മാർക്കിന്റെ ആവശ്യകതയില്ലാതാകുന്നു. പാഠ്യേതര പ്രവർത്തനങ്ങൾക്ക് മറ്റ് തരത്തിലുള്ള അംഗീകാരവും സമ്മാനങ്ങളും ലഭിക്കുന്നുണ്ട്.

എല്ലാ ഗ്രേഡ്കാർക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചുവരുന്നുണ്ട്.

അയ്യങ്കാളി സ്ഥാപിച്ച സ്കൂൾ ഹൈസ്കൂളായി ഉയർത്താൻ നടപടി

21 [318] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാനായ ശ്രീ. അയ്യങ്കാളി സ്ഥാപിച്ച വെങ്ങാന്നൂരിലെ സ്കൂൾ, ഹൈസ്കൂളായി ഉയർത്തണമെന്ന നിവേദനം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മഹാനായ ശ്രീ. അയ്യങ്കാളി സ്ഥാപിച്ച വെങ്ങാന്നൂരിലെ സ്കൂൾ, ഹൈസ്കൂളായി ഉയർത്തണമെന്ന നിവേദനം സംസ്ഥാന സർക്കാരിന് 11-3-2004-ൽ ലഭിച്ചു.

(ബി) എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സംസ്ഥാന സർക്കാർ നിലവിൽ നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിവേദനത്തിൻമേലുള്ള നടപടികൾ തീർപ്പാക്കുകയും ചെയ്തു. നയപരമായ തീരുമാനമെടുക്കുമ്പോൾ ഈ സ്കൂളിന്റെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly